LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എസ്.എസ്.എൽ.സി.-യുടെ മോഡൽ ചോദ്യപേപ്പറുകളും പൊതുപരീക്ഷയുടെ ചോദ്യപേപ്പറുകളും തയ്യാറാക്കുന്നത് പരീക്ഷാഭവനാണ്. ഇതിനായി എസ്.സി.ഇ.ആർ.ടി.-യിൽ നിന്ന് വിദഗ്ദ്ധരുടെ പാനൽ തയ്യാറാക്കി വാങ്ങുകയും പ്രസ്തുത പാനലിൽനിന്നും ഹയർസെക്കന്ററി അദ്ധ്യാപകരെയും കോളേജ് അദ്ധ്യാപകരെയും ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

1991-ൽ ഹയർ സെക്കന്ററി രൂപീകരിച്ചതുമുതൽ ഒന്നുംരണ്ടും വർഷ പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് കോളേജ്/ സർവ്വകലാശാല അദ്ധ്യാപകരാണ്. 2011 മുതൽ ഒന്നാം വർഷ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ഹയർ സെക്കന്ററി അദ്ധ്യാപകരാണ്.

വൊക്കേഷണൽ ഹയർസെക്കന്ററിയിൽ എസ്.സി.ഇ.ആർ.ടി. വഴി ട്രെയിനിംഗ് ലഭിച്ച തെരഞ്ഞെടുത്ത അദ്ധ്യാപകരെയാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുന്നത്.

(ബി) ഇത്തരത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതുമൂലം ചോദ്യപേപ്പർ ചോരുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല.

(സി) പൊതുപരീക്ഷകൾക്കായി ചോദ്യബാങ്കുകൾ രൂപപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുന്ന രീതിയെക്കുറിച്ച് ആലോചിച്ചുവരുന്നു. മികച്ച ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷാ നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ ഇത് സഹായകമാകും.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

163(5027) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കേണ്ടതിന് സുപ്രധാന പങ്കാളിത്തം പി.ടി.എ., എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവരും കൂടിയാണെന്നിരിക്കെ ഇവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കേണ്ടതിന് സുപ്രധാന പങ്കാളിത്തം പി.ടി.എ., എസ്.എം.സി., പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവർക്കും കൂടിയാണെന്നതിനാൽ ഇവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിവിധ കർമ്മപദ്ധതികൾക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് ഇവരുടെ അഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ടാണ്. കൂടാതെ പദ്ധതി നിർവ്വഹണത്തിനായുള്ള ധനകാര്യ ഉദ്ഗ്രഥനത്തിലും പദ്ധതി നടത്തിപ്പിലും മേൽ വിഭാഗങ്ങളുടെ പൂർണ്ണ സഹകരണം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതിന് 8-12-2016-ലെ സർക്കാർ ഉത്തരവ് 202/2016/പൊ.വി.വ. പ്രകാരം വിവിധ കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതിയുടെ വിവിധ ഘട്ടങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിലയിരുത്തുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരും സംസ്ഥാന-ജില്ലാതല മിഷനുകളും പുരോഗതി വിലയിരുത്തുന്നുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി**

164 (5028) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2017 ജനവരി 27-ന് സംസ്ഥാനതല ഉത്ഘാടനം നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ഇപ്പോൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ പാതി വഴിയിലായി മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇതിനെ പുനരുജ്ജീവിപ്പിയ്ക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2017 ജനവരി 27-ന് സംസ്ഥാനതല ഉദ്ഘാടനം നടത്തിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ മികവിന്റെ കേന്ദ്രങ്ങളായി